പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 1042

14.6.2012-ൽ
മറുപടിക്ക്

## പൊന്നാനിയിലെ തണ്ണീർത്തടങ്ങൾ നികത്തൽ

ചോദ്യം
ശ്രീ.പി.ശ്രീരാമകൃഷ്ണൻ:

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) പൊന്നാനി നിയോജക മണ്ഡലത്തിൽ ആലങ്കോട്, നന്നംമുക്ക് വില്ലേജുകളിൽ വ്യാപകമായി കൃഷിഭൂമി നികത്തുന്നതുമൂലം തണ്ണീർത്തടങ്ങൾ ഇല്ലാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രദേശങ്ങളിൽ വയൽനികത്തൽ തടയാൻ ചെന്ന സംഘടനാ നേതാവായ ശ്രീ.സത്യനെ അപായപ്പെടുത്താൻ ശ്രമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കുമോ; | (ബി) ശ്രീ.സത്യനെ അപായപ്പെടുത്താൻ ശ്രമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെതിരെ ശ്രീ.ഷാനവാസ്, ബാബു എന്നിവരെ പ്രതിചേർത്ത് ചങ്ങരംകുളം എസ്.ഐ.ക്രൈം നം.132/12 നമ്പറായി കേസ്സെടുത്ത് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) നികത്തിയ മണ്ണ് നീക്കം ചെയ്യാനുള്ള കളക്ടറുടെ ഉത്തരവ് പാലിക്കപ്പെട്ടിട്ടുണ്ടോ-യെന്നറിയിക്കുമോ ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ; | (സി) പാലിക്കപ്പെട്ടിട്ടില്ല. പ്രസ്തുത ഉത്തരവിനെതിരെ ഭൂവുടമകളായ സുജീഷ്, മരയ്ക്കാർ എന്നിവർ സർക്കാരിൽ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്യുകയും ആയതിൽ മൂന്നാഴ്ചയ്ക്കകം ഉത്തരവ് പുറപ്പെടുവിക്കാനും, അതുവരെ ജില്ലാ കളക്ടറുടെ ഉത്തരവ് സ്റ്റേ ചെയ്ത് കൊണ്ടും ബഹു.ഹൈക്കോടതി W.P.(C)8036/12 നമ്പർ കേസ്സിൽ 30.3.2012-ൽ വിധി പുറപ്പെടുവിച്ചിരുന്നു. |

| | |
|---|---|
| (ഡി) ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി റവന്യൂ വകുപ്പ് സെക്രട്ടറിയോട് നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ ;<br><br>(ഇ) എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ? | <u>(ഡി) & (ഇ)</u><br><br>ആവശ്യപ്പെട്ടിട്ടുണ്ട്. W.P.(C)8036/12-ൽ ബഹു.ഹൈക്കോടതി 30.3.2012-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട് മൂന്നാഴ്ചയ്ക്കകം റിവിഷൻ പെറ്റീഷൻ തീർപ്പാക്കാൻ നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ നടത്തിപ്പ് ഭാഗം കൈകാര്യം ചെയ്തു വരുന്ന കൃഷി വകുപ്പ്, റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ള ശ്രീ.സുജീഷ്, മരയ്ക്കാർ എന്നിവരെ 15.6.2012-ന് ഹിയറിംഗിന് ഹാജരാകുവാൻ - ആവശ്യപ്പെട്ടിട്ടുണ്ട്. |

Kajeem

**സെക്ഷൻ ഓഫീസർ**